# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *302 14.03.2018-ൽ മറുപടിക്ക്

## വർദ്ധിച്ചുവരുന്ന ഇടത് തീവ്രവാദം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം. ഷാജി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇടത് തീവ്രവാദം വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) മാവോയിസ്റ്റുകൾ ഉൾപ്പെടുന്ന ഇടത് തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിലെ വന പ്രദേശങ്ങളിൽ, പ്രത്യേകിച്ച്, ആദിവാസി മേഖലകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ആദിവാസി മേഖലയിലെ ഇടത് തീവ്രവാദ പ്രവർത്തനം ഫലപ്രദമായി നേരിടുന്നതിനും നിരീക്ഷിക്കുന്നതിനും ആദിവാസി വിഭാഗങ്ങളുടെ വികസനവും ക്ഷേമവും അവലോകനം ചെയ്യുന്നതിനും മുഖ്യമന്ത്രി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി (യൂണിഫൈഡ് കമാന്റ്) രൂപീകരിച്ചിട്ടുണ്ട്.<br><br>മാവോയിസ്റ്റു ഭീഷണി ഫലപ്രദമായി നേരിടുന്നതിനുതകുംവിധം സിവിൽ പോലീസിലേയ്ക്ക് |

പ്രത്യേക നിയമനത്തിലൂടെ 75 ആദിവാസി യുവതീയുവാക്കളെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

മാവോയിസ്റ്റ് ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരെ അതിൽനിന്ന് പിന്തിരിപ്പിച്ച് സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി 'പുനരധിവാസ കീഴടങ്ങൽ പദ്ധതി' (Surrender cum Rehabilitation Policy) സർക്കാർ ആസൂത്രണം ചെയ്തു വരുന്നു.

കൂടാതെ മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള മേഖലകളിലെ, പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ പോലീസ് ഉദ്യോഗസ്ഥർക്കും ഭീഷണി നേരിടാനുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ പ്രത്യേക പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരും ലോക്കൽ പോലീസ് ഉദ്യോഗസ്ഥരും ചേർന്ന് പട്രോളിംഗ് നടത്തി വരുന്നു. ഇത്തരം കുറ്റവാളികളെ യഥാസമയം കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

ആദിവാസി മേഖലകളിൽ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ

ട്രൈബൽ കോളനികളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) ഇടത് തീവ്രവാദം തടയുന്നതിനാവശ്യമായുള്ള ഫണ്ട് ലഭിയ്ക്കുന്നതിനായി എന്തെങ്കിലും ശിപാർശകൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളെയാണ് തീവ്രവാദ സാന്നിദ്ധ്യമുള്ള പ്രദേശങ്ങളായി കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

(ബി) ഇടതു തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന് കേരളത്തിൽ മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള ജില്ലകളെ കൂടി കേന്ദ്ര സർക്കാരിന്റെ എസ്.ആർ.ഇ. (Security Related Expenditure Scheme) പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

മലപ്പുറം, വയനാട്, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ളതായി കണക്കാക്കിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**